ഫോറം നമ്പർ 7
റൂൾ 18 (1) കാണുക

## വിജ്ഞാപനം

റഫ്. നമ്പർ 829/13/എ(1)

സ്ഥലം; തലശ്ശേരി

തീയ്യതി; 08.06.17

കേരള സർക്കാർ 04.12.2015 തീയ്യതിയിലെ ജി.ഒ (പി) നമ്പർ 649/2015/ആർ ഡി നമ്പർ വിജ്ഞാപനപ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ എ (ജനറൽ) തലശ്ശേരിയെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന;സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നുംവില നടപടിപ്രകാരം ഏറ്റെടുക്കുന്നതിനായി കളക്ടറുടെ ചുമതല വഹിക്കുന്നതിന് നിയോഗിക്കപ്പെട്ടതിനാലും,

ആയതിൻപ്രകാരം ഡെപ്യൂട്ടി കളക്ടർ (എൽ എ) കലക്ടറേറ്റ്, കണ്ണൂർ പുനരധി വാസത്തിനും പുന;സ്ഥാപനത്തിനുമുള്ള കാര്യനിർവ്വാഹകനായി നിയോഗിക്കപ്പെട്ടതിനാലും,

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് ധർമ്മടം പുഴയ്ക്ക് കുറുകെ റെയിൽവേ ഓവർ ബ്രിഡ്ജ് 1090 പുനർ നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെടുന്നതുകൊണ്ടും

ആയതുകൊണ്ട്, ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന;സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള ഒരറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താല്പര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയ്യതി മുതൽ പതിനഞ്ചു ദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഇത് സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ ശേഷം പതിനഞ്ചു ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭവിക്കുന്നത് അപ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പൊന്നും വിലയ്ക്കെടുക്കുന്ന ഭൂമിയിന്മേൽ ഭൂരേഖയുടെ നാളതീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപം, എന്തെങ്കിലുമുണ്ടെങ്കിൽ, രേഖാമൂലമുള്ള പ്രസ്താവന സഹിതം സ്പെഷ്യൽ തഹസിൽദാർ എൽ എ (ജെ) തലശ്ശേരി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാലപരിധിക്കുശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും/ ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിന്മേലുള്ള താല്പര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും/ ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതായിരിക്കും.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ് സൈറ്റായ www.kannur.nic.in ൽ ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരുന്നത്)

ജില്ല; കണ്ണൂർ   താലൂക്ക്; തലശ്ശേരി

വില്ലേജ് – തലശ്ശേരി അംശം മണ്ണയാട് ദേശം,

ധർമ്മടം അംശം ദേശം

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെ.ആർ. ച.മീ) | ഏതു പൊതു ആവശ്യത്തിന് എന്ന് | ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട കാരണം | കൈവശക്കാരുടെ വിവരങ്ങൾ |
|---|---|---|---|---|---|---|
| **തലശ്ശേരി വില്ലേജ്** | | | | | | |
| 1 | റി സ. 6/1 | സ്ഥിരം പുഞ്ച | 5.49 ആർസ് | റെയിൽവെ ഓവർ ബ്രിഡ്ജ് 1087 പുനർ നിർമ്മാണം | റിപ്പോർട്ട് പ്രകാരം റെയിൽവെ ഓവർ ബ്രിഡ്ജ് 1087 പുനർ നിർമ്മാണത്തിന് ഭൂമി അത്യാവശ്യമാണെന്നതിനാലും പകരം ഭൂമി ലഭ്യമല്ലന്നതിനാലും | ഷാജു.പി.കെ, പടിക്കൽ ഹൗസ്, പി ഒ തൃശ്ശൂർ, ഒല്ലൂർ 680 306 |
| 2 | റി സ. 6/4 | നഞ്ച | 53.47 ആർസ് | | | നൗഷാദ് കൊട്ടാര, ജർസാന, എസ് എസ് റോഡ്, ചിറക്കര |
| | | ആകെ | 59.96 ആർസ് | | | |
| **ധർമ്മടം വില്ലേജ്** | | | | | | |
| 3 | റി സ 73/3 | തോട്ടം | 0.49 ആർസ് | | | 1.സന്തോഷ് കുമാർ കെ കെ<br>2.സനിൽ കുമാർ കെ കെ, കളത്തിൽ ഹൗസ്, പി ഒ ധർമ്മടം |
| 4 | റി സ 73/5 | നഞ്ച | 7.65 ആർസ് | | | 1. കെ എൻ വേലുത്തമ്പി മാസ്റ്റർ, ലിറ്റിൽ ലവ് നെസ്റ്റ്, പി ഒ പള്ളിക്കുന്ന്<br>2.നാരായണി കട്ടേൻ മുതൽ പേർ, ചിരുതാലയം, പിഒ ധർമ്മടം |
| 5 | റി സ 73/6 | സ്ഥിരം പുഞ്ച | 0.81 ആർസ് | | | നിർമ്മല നാരായണൻ, 'ഭക്തി', പി ഒ ധർമ്മടം |
| 6 | റി സ 73/7 | നഞ്ച | 0.01 ആർസ് | | | നിർമ്മല നാരായണൻ, 'ഭക്തി', പി ഒ ധർമ്മടം |
| 7 | റി സ 73/12 | തോട്ടം | 0.07 ആർസ് | | | നിർമ്മല നാരായണൻ, 'ഭക്തി', പി ഒ ധർമ്മടം |

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി നിയോഗിച്ച ഏജൻസി ധർമ്മടം പുഴയ്ക്ക് കുറുകെ ഇന്ത്യൻ റെയിൽവേ നിലവിൽ നിർമ്മിച്ച 1087 നമ്പർ പാലത്തിനു ഏതാണ്ട് 110 വർഷത്തെ പഴക്കമുണ്ടെന്നും ഈ പാലം പുനർ നിർമ്മിക്കേണ്ടത് ദൈനംദിനം ഇതുവഴി യാത്ര ചെയ്യുന്ന ആയിരക്കണക്കിന് യാത്രക്കാരുടെ സുരക്ഷിതത്ത്വത്തിന് അനിവാര്യമാണെന്നും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം നിലവിലുള്ള റെയിൽവേ ലൈനിന്റെ തൊട്ടു തന്നെയാണെന്നും ഇതല്ലാതെ ഈ ആവശ്യത്തിന് ഉപയുക്തമായ സ്ഥലം റെയിൽവേയുടെയോ സർക്കാരിന്റെയോ കൈവശത്തിലില്ലെന്നും റെയിൽവേ ഏറ്റവും കുറവ് ഭൂമി മാത്രമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും വളരെ ചെറിയ അളവിൽ ഭൂമി ഏറ്റെടുക്കുന്നതിനാൽ പദ്ധതിയിൽ ബാധിക്കപ്പെട്ടവരുടെ എണ്ണം കുറവാണെന്നും ഈ പൊന്നും വില നടപടിയിൽ ധർമ്മടം വില്ലേജിൽ ഒരു കുടുംബത്തെ മാത്രമാണ് കുടിയൊഴിപ്പിക്കേണ്ടി വരുന്നതെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. റിപ്പോർട്ട് വിദഗ്ധസമിതി പരിശോധിക്കുകയും പൊന്നുംവില നടപടിക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സ്പെഷ്യൽ തഹസിൽദാർ (എൽ എ) ജനറൽ,

തലശ്ശേരി